ജില്ലാ സ്കൂൾ കായികമേള

രണ്ടാംദിനം കുതിച്ചുയർന്ന് ആലപ്പുഴ ഉപജില്ല

ആലപ്പുഴ: റവന്യൂ ജില്ലാ സ്കൂൾ കായിക മേളയുടെ രണ്ടാംദിനവും ആലപ്പുഴയുടെ മുന്നേറ്റം. ഏഴ് സ്വർണവും ആറ് വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പെടെ 56 പോയിന്റുകളോടെയാണ് ആലപ്പുഴ ഒന്നാം സ്ഥാനം നിലനിർത്തിയത്.

പിന്നാലെയുള്ള ചേർത്തലയ്ക്ക് 45 പോയിന്റുകളുണ്ട്. അഞ്ച് സ്വർണം, അഞ്ച് വെള്ളി, അഞ്ച് വെങ്കലവും രണ്ടാം സ്ഥാനത്തുള്ള ചേർത്തല നേടി. മൂന്നാംസ്ഥാനത്തുള്ള ഹരിപ്പാടിന് രണ്ട് സ്വർണവും ഓരോ വെള്ളിയും വെങ്കലവും നേടാനായി.

14 പോയിന്റുകളോടെയാണ് ഹരിപ്പാട് മൂന്നാം സ്ഥാനത്ത് നിൽക്കുന്നത്. നാലാം സ്ഥാനത്തുള്ള ചെങ്ങന്നൂരിന് ഏഴ് പോയിന്റും അഞ്ചാം സ്ഥാനത്തുള്ള മാവേലിക്കരയ്ക്ക് അഞ്ച് പോയിന്റും നേടാനായി.

ഇതിന് പുറമേയുള്ള ക്രോസ് കൺട്രീ മത്സരത്തിൽ ആൺകുട്ടുകളുടെ ആറുകിലോമീറ്റർ വിഭാഗത്തിൽ മാവേലിക്കര ബി.എച്ച്.എസ്.എസിലെ അഭിഷേക് എം സ്വർണവും മാന്നാർ എൻ.എസ് ബോയിസിലെ ജി. നന്ദകിഷോർ വെള്ളിയും കായംകുളം പുള്ളിക്കണക്ക് എൻ.എസ്.എസ്.എച്ച്.എസിലെ അനന്ദു എ വെങ്കലവും നേടി. പെൺകുട്ടികളുടെ നാല് കിലോമീറ്റർ വിഭാഗത്തിൽ കായംകുളം പുള്ളിക്കണക്ക് എൻ.എസ്.എസ്.എച്ച്.എസിലെ അഗ്രിമ സുനിൽ സ്വർണവും മാവേലിക്കര മറ്റം സെന്റ് ജോൺസ് എച്ച്എസ്.എസിലെ പൂജ പ്രസാദ് വെള്ളിയും ഇതേ സ്കൂളിലെ ആരതി എ വെങ്കലവും നേടി.

● പോൾവാൾട്ട് ജൂനിയർ ഗേൾസ് വിഭാഗത്തിൽ ഒന്നാംസ്ഥാനം നേടിയ കെ.എസ് ശ്രീനന്ദന (കലവൂർ ഗവ. എച്ച്.എസ്.എസ്).

● പോൾവാൾട്ട് സീനിയർ ഗേൾസ് വിഭാഗത്തിൽ ഒന്നാമതെത്തിയ വി.എൽ ഗ്രാക്സിയ (കലവൂർ ഗവ. എച്ച്.എസ്.എസ്)

കലവൂർ ഗവ. സ്കൂളിന് അഭിമാനമായി ശ്രീനന്ദനയും ഗ്രാക്സിയയും

ആലപ്പുഴ: കായികമേളയുടെ പോൾവാൾട്ട് മത്സരത്തിൽ ഒന്നാംസ്ഥാനം നേടി കലവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ കെ.എസ് ശ്രീനന്ദനയും ഗ്രാക്സിയയും. ശ്രീനന്ദന സീനിയർ പെൺകുട്ടികളുടെ വിഭാഗത്തിലും പത്താംക്ലാസ് വിദ്യാർഥി ഗ്രാക്സിയ ജൂനിയർ വിഭാഗത്തിലുമാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. ഒടിഞ്ഞ പോളിൽ പരിശീലനം നടത്തിയാണ് ഇരുവരും കായികമേളയ്ക്ക് എത്തിയത്.

പ്ലസ്ടു വിദ്യാർഥി ശ്രീനന്ദന 2.10 മീറ്റർ ഉയരം മറികടന്നാണ് വിജയിച്ചത്. രണ്ട് മീറ്റർ ചാടിയാണ് ഗ്രാക്സിയ ജയം സ്വന്തമാക്കിയത്.

സ്കൂളിലെ കായികാധ്യാപിക അന്നമ്മ അഗസ്റ്റിന്റെ കീഴിൽ മൂന്നുമാസം മുൻപാണ് പരിശീലനം ആരംഭിച്ചത്. കാട്ടൂർ കുറുപ്പശ്ശേരി വീട്ടിൽ കെ.ടി. ഷാജിയുടേയും കെ.സി ശാന്തിനിയുടേയും മകളാണ് ശ്രീനന്ദന.

പൊള്ളേത്തൈ വെളിയിൽ ലൈജു-മേരി ദമ്പതികളുടെ മകളാണ് ഗ്രാക്സിയ.

Sports and Games
ALAPPUZHA - Revenue District

തിമിംഗലത്തെ മറവുചെയ്തതിന്റെ പേരിൽ നടക്കുന്നത് വ്യാജപ്രചാരണമെന്ന്

ചേർത്തല: ഒറ്റമശേരി തീരത്ത് ചത്തടിഞ്ഞ് പരിസ്ഥിത പ്രശ്നങ്ങൾ സൃഷ്ടിച്ച തിമിംഗലത്തെ മറവു ചെയ്തതിന്റെ പേരിൽ ഒരു വിഭാഗം വ്യാജപ്രചരണങ്ങളാണ് നടത്തുന്നതെന്ന് പഞ്ചായത്ത് പ്രസിഡന്റ് ജെയിംസ് ചിങ്കുതറ. അടിയന്തര ഘട്ടത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കാൻ പ്രദേശവാസികൾക്കൊപ്പം ചേർന്നാണ് സംസ്കാരത്തിനുള്ള നടപടികൾ പൂർത്തിക്കിയതെന്നും ഇതിന്റെ പേരിൽ ഉയർത്തുന്ന വ്യാജ ആരോപണങ്ങൾക്ക് പിന്നിൽ വ്യക്തി വിരോധവും രാഷ്ട്രീയ ശത്രുതയുമാണെന്നും അദ്ദേഹം പറഞ്ഞു. 40 ടണ്ണോളം വരുന്ന തിമിംഗലത്തിന്റെ ജഡം അഞ്ചുദിവസം കൊണ്ടാണ് സംസ്കരിച്ചത്.

അടിഞ്ഞപ്പോൾ തന്നെ പുറം കടലിലേക്കു മാറ്റാൻ തയാറായെങ്കിലും പോലീസടക്കം എതിർത്തതിനാലാണ് തീരത്തോട് ചേർന്ന് പഞ്ചായത്തിന് മുൻ കൈയെടുത്ത് സംസ്കരിക്കേണ്ടി വന്നത്. കലക്ടറുടെ നിർദ്ദേശ പ്രകാരം തഹസിൽദാരുടെ സാന്നിധ്യത്തിലാണ് നടപടികൾ പൂർത്തിയാക്കിയത്.പണമിടപാടുകൾ ഉദ്യോഗസ്ഥരാണ് നടത്തിയത്. 6.29 ലക്ഷം രൂപയാണ് ചെലവായത്. കത്തിക്കുന്നതുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾക്ക് 3.9 ലക്ഷം രുപയായി. 1.06 ലക്ഷം രൂപ ക്രയിനിനും 61,000 രൂപ മണ്ണു മാന്തി യന്ത്രത്തിനുമായി. ഇതു സംബന്ധിച്ചകണക്കുകൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതാണ്. ഏറെ സുതാര്യമായാണ് പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ഇതിന്റെ പേരിൽ ഏത് അന്വേഷണവും നേരിടാൻ തയാറാണെന്നും വൈസ് പ്രസിഡന്റ് സതി അനിൽ കുമാർ, അംഗങ്ങളായ സിനി സാലസ്, ബെൻസി ജോസ്, മേരിക്കുഞ്ഞ് ജോസഫ്, ജാൻസി ബെന്നി എന്നിവർ പറഞ്ഞു.

അന്വേഷണം നടത്തണം

ചേർത്തല: ഒറ്റമശേരി തീരത്തടിഞ്ഞ തിമിംഗലത്തിന്റെ ജഡം മതിയായ കൂടിയാലോചനയില്ലാതെ ഭീമമായ തുക മുടക്കി അശാസ്ത്രിയമായി സംസ്കരിച്ചതിനെ കുറിച്ചും ഇതിലെ സാമ്പത്തിക ഇടപാടുകളെക്കുറിച്ചും സമഗ്ര അന്വേഷണം നടത്തണ മെന്ന് മത്സ്യത്തൊഴിലാളി ഫെഡറേഷൻ സി.ഐ. ടി.യു ആലപ്പുഴ ജില്ലാ കമ്മറ്റി പ്രസിഡന്റ് പി.ഐ. ഹാരിസും സെക്രട്ടറി സി. ഷാംജിയും ആവശ്യപ്പെട്ടു. അധികൃതരുടെ ധൃതിപിടിച്ചുള്ള നടപടിപ്രദേശത്ത് അസഹ്യമായ ദുർഗന്ധത്തിനും ഗുരുതരമായ മാലിന്യപ്രശ്നങ്ങൾക്കും കാരണമായിട്ടുണ്ടെന്നും ഇതിന് പരിഹാരം കാണണമെന്നും ആവശ്യപ്പെട്ടു.

കളർകോട് ക്ഷേത്രത്തിൽ ഉത്സവത്തിന് ഇന്ന് കൊടിയേറും

ആലപ്പുഴ: കളർകോട് മഹാദേവക്ഷേത്രത്തിൽ ഉത്സവത്തിന് ഇന്ന് കൊടിയേറി നവംബർ ഒന്നിന് ആറാട്ടോടെ സമാപിക്കും. ഇന്ന് രാവിലെ 8.40നും 9.10നും മദ്ധ്യേ മനയത്താറ്റുമന ചന്ദ്രശേഖരൻ നമ്പൂതിരിയുടെ മുഖ്യകാർമികത്വത്തിലാണ് കൊടിയേറ്റ്. 11.30ന് വാദ്യ ജുഗൽബന്ദി, 12.30നു കൊടിയേറ്റുസദ്യ, ഏഴിന് നൃത്തനൃത്യങ്ങൾ. 26ന് സർപ്പ പുനഃപ്രതിഷ്ഠാവാർഷികം. 27ന് വൈകിട്ട് ഏഴിന് തിരുവാതിര, 7.30ന് മേജർസെറ്റ് കഥകളി നളചരിതം നാലാംദിവസം, കിരാതം. 28ന് വൈകിട്ട് 6.30ന് തിരുവാതിര, എട്ടിന് കഥകളി അരങ്ങേറ്റം. 29ന് വൈകിട്ട് 6.30ന് പ്രദോഷ ശ്രീബലി ഋഷഭവാഹന എഴുന്നള്ളത്ത്. 30ന് രാവിലെ 11.30ന് ഉത്സവബലി, ഏഴിന് നൃത്തശില്പം-ചിലപ്പതികാരം, 7.30ന് കുച്ചിപ്പുഡി, എട്ടിന് നൃത്തനൃത്യങ്ങൾ. 31ന് പള്ളിവേട്ട. രാവിലെ 10ന് കളരിയഭ്യാസം, 6.30ന് ഭജൻസ്, ദീപക്കാഴ്ച, എട്ടിന് ക്ലാസിക്കൽ ഡാൻസ്. നവംബർ ഒന്നിന് ഭദ്രകാളീദേവി പുനഃപ്രതിഷ്ഠാവാർഷികം. വൈകിട്ട് അഞ്ചിന് കൊടിയിറക്കം. രാത്രി 8.30ന് സംഗീതസദസ്, 9.30ന് ആറാട്ടുവരവ്.

പ്രസംഗ മത്സരം നടത്തി

ചേർത്തല: കേരള സർവോദയ മണ്ഡലത്തിന്റെ നേതൃത്വത്തിൽ ഗാന്ധി ജയന്തി മാസാചരണത്തിന്റെ ഭാഗമായി എൽ.പി, യു.പി, ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർഥികൾക്കായി പ്രസംഗം, ക്വിസ് മത്സരം നടത്തി. ജോസഫ് മാരാരിക്കുളം ഉദ്ഘാടനം ചെയ്തു. വളവനാട് പി.ജെ. യു.പി സ്കൂളിൽ നടന്ന യോഗത്തിൽ ജില്ലാ പ്രസിഡന്റ് എം.ഇ ഉത്തമ കുറുപ്പ് അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി രാജു പള്ളിപ്പറമ്പിൽ, എം.ഡി.സലീം, ലീന മാത്യു, ആശാ കൃഷ്ണാലയം,സി.കെ. വിജയകുമാർ, മിനിമോൾ, എച്ച്. സുധീർ തുടങ്ങിയവർ പ്രസംഗിച്ചു

മണ്ണാറശാല ആയില്യം: പൂയംതൊഴീൽ ഇന്ന്

ഹരിപ്പാട്: മണ്ണാറശാല നാഗരാജ ക്ഷേത്രത്തിലെ ആയില്യം മഹോത്സവത്തിനോടനുബന്ധിച്ചുള്ള പൂയംതൊഴൽ ഇന്ന് നടക്കും. രാവിലെ 9.30നു ശേഷം നാഗരാജാവിനും സർപ്പയക്ഷിയമ്മയ്ക്കും തിരുവാഭരണം ചാർത്തി ചതുശത നിവേദ്യത്തോടെ ഉച്ചപ്പൂജ നടക്കും. രാവിലെ 6ന് ഭാഗവതപാരായണം, 8ന് ഏവൂർ രഘുനാഥൻ നായരുടെ ഓട്ടൻതു ള്ളൽ, 9.30ന് കലാമണ്ഡലം ബിലഹരിയുടെ സോപാനസംഗീതം.

11ന് ഡോ. മണക്കാല ഗോപാലകൃഷ്ണന്റെ സംഗീതസദസ്, ഉച്ചയ്ക്ക് ഒന്നിന് പ്രഫ.ടി.ഗീ തയുടെ ആധ്യാത്മിക പ്രഭാഷണം, 2ന് ശ്രീരാഗം ഓർക്കസ്ട്രയുടെ ഭക്തിഗാനസുധ, വൈകിട്ട് 4ന് തൃക്കാർത്തിക തിരുവാതിരസംഘത്തിന്റെ തിരുവാതിര, 5ന് ധന്യ നന്ദകുമാർ കാരിയ്ക്കാമാഠത്തിന്റെ ഭരതനാട്യം, 6.30ന് രാമകൃഷ്ണൻ മൂർത്തിയുടെ സംഗീത സദസ്, രാത്രി 7ന് പൂയം തൊഴലിന്റെ ഭാഗമായി ഇളയതലമുറയിൽപ്പെട്ട അന്തർജനങ്ങൾക്കൊപ്പം വലിയമ്മയുടെ ആചാരപരമായ ക്ഷേത്രദർശനം, 9.30ന് കഥകളി. ആയില്യം നാളായ ശനിയാഴ്ച പുലർച്ചെ 4ന് നട തുറക്കും. 6ന് കുടുംബ കാരണവർ ആയില്യംനാളിലെ പൂജകൾ ആരംഭിക്കും. ഭഗവാൻ വാസുകീ ഭാവത്തിലുള്ള തിരുവാഭരണമാണ് ആയില്യം നാളിൽ ചാർത്തുന്നത്. രാവിലെ 7 മുതൽ ഇല്ലത്ത് നിലവറയ്ക്ക് സമീപം വലിയമ്മ ഭക്തർക്ക് ദർശനം നൽകും.

കള്ളുഷാപ്പിലെ മാനേജരെ വെട്ടിക്കൊലപ്പെടുത്തിയ പ്രതിക്ക് ജീവപര്യന്തം ശിക്ഷിച്ച് കോടതി

● വിനോദ്

ആലപ്പുഴ: കള്ളുഷാപ്പിലെ മാനേജരെ വെട്ടിക്കൊലപ്പെടുത്തിയ കേസിലെ പ്രതിക്ക് ജീവപര്യന്തം തടവും ഒരുലക്ഷം രൂപയും ശിക്ഷ വിധിച്ചു. കുട്ടനാട് പുളിങ്കുന്ന് മണത്തറ കള്ളുഷാപ്പിലെ മാനേജരായിരുന്ന പുളിക്കുന്ന് വിത്ത് വെട്ടിക്കൽ വീട്ടിൽ ജോസ് ജോസഫിനെ (56) തേറു കൊണ്ട് വെട്ടി കൊലപ്പെടുത്തിയ കേസിലെ പ്രതി പുളിങ്കുന്ന് പുപ്പള്ളിച്ചിറ വീട്ടിൽ സി. വിനോദിനെയാണ്(47) ആലപ്പുഴ അഡീഷണൽ ജില്ലാ സെക്ഷൻസ് ജഡ്ജി എസ്. ഭാരതി ശിക്ഷിച്ചത്.

കള്ള് ഷാപ്പിൽ കൊടുക്കാതെ പുറത്തുവിൽക്കുന്നതിനെ ചോദ്യം ചെയ്തതിലുള്ള വിരോധത്തിലാണ് ചെത്ത് തൊഴിലാളിയായ പ്രതി ജോസ് ജോസഫിനെ കൊലപ്പെടുത്തിയത്. 2018 ജൂൺ 14ന് പുളിങ്കുന്ന് ഐ.സി മുക്ക് ജങ്ഷന് സമീപം വൈകിട്ട് ആറോടെയാണ് കൊലപാതകം നടന്നത്. പുളിങ്കുന്ന് പോലീസ് രജിസ്റ്റർ ചെയ്ത കേസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ബിജു വി. നായർ, പുളിങ്കുന്ന് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ നിസാം എസ്, എസ്.ഐ വിജയകുമാർ , ഇൻസ്പെക്ടർ സന്തോഷ് പി.ആർ എന്നിവരടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്.

● കേരള സർവോദയ മണ്ഡലത്തിന്റെ നേതൃത്വത്തിൽ ഗാന്ധിജയന്തി മാസാചരണത്തിന്റെ ഭാഗമായി വിദ്യാർഥികൾക്കായി നടത്തിയ പ്രസംഗമത്സരം ജോസഫ് മാരാരിക്കുളം ഉദ്ഘാടനം ചെയ്യുന്നു.



● വൈദ്യുതിലൈൻ പൊട്ടി വീണ സ്ഥലം കെ.എസ്.ഇ.ബി. ആലപ്പുഴ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർ സ്മിത മാത്യു സന്ദർശിക്കുന്നു.

ആ 'വിളി' ചെവിക്കൊണ്ടില്ല; നഷ്ടമായത് കർഷകന്റെ ജീവൻ

എടത്വാ: നാട്ടുകാരുടെ ആ ഫോൺവിളി കെ.എസ്.ഇ.ബി. ജീവനക്കാർ നിസാരവൽക്കരിച്ചു. നഷ്ടമായത് കർഷകന്റെ ജീവൻ. എടത്വാ മരിയാപുരം കാഞ്ചിക്കൽ ബെന്നി ജോസഫാണ് (62) പൊട്ടിവീണ വൈദ്യുതലൈനിൽനിന്ന് ഷോക്കേറ്റ് മരിച്ചത്. ബുധനാഴ്ച രാത്രിയിലെ ശക്തമായ കാറ്റിൽ ചെറുതന പഞ്ചായത്ത് നടുവിലെ പോച്ച ദേവസ്വംതുരുത്ത് പാടശേഖരത്തിന്റെ പുറംബണ്ടിൽ നിന്ന വൈദ്യുത ലൈൻ പൊട്ടി വീണിരുന്നു. വൈദ്യുതിലൈൻ പൊട്ടിയതോടെ പ്രദേശവാസികൾ എടത്വാ സെക്ഷൻ ഓഫീസിൽ ഫോൺ വിളിച്ചറിയിച്ചു.

സമാന സംഭവം പല സ്ഥലങ്ങളിലും ഉണ്ടായതിനാൽ ലൈനിലേയ്ക്കുള്ള ഫ്യൂസ് ഊറ്റി മാറ്റാൻ ജീവനക്കാർ അറിയിച്ചിരുന്നതായി പ്രദേശവാസികൾ പറഞ്ഞു. നാട്ടുകാർ ഫ്യൂസ് ഊരിമാറ്റിയെങ്കിലും പൊട്ടിവീണ ലൈനിലെ വൈദ്യുതിബന്ധം വിശ്ഛേദിച്ചിരുന്നില്ല. ഇന്നലെ പുലർച്ചെ പള്ളിയിലെ പ്രാർഥനാ ശുശ്രൂഷയ്ക്കുശേഷം രാവിലെ ഒൻപതോടുകൂടി ദേവസ്വംതുരുത്ത് പാടത്തെത്തിയ ബെന്നി ജോസഫ് പാടശേഖര പുറംബണ്ടിൽ പൊട്ടിവീണ വൈദ്യുത ലൈൻ ശ്രദ്ധയിൽ പെട്ടിരുന്നില്ല. പുഞ്ചക്കൃഷിയുടെ പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിനായി പുറംബണ്ടിൽ താമസിക്കുന്ന കർഷകത്തൊഴിലാളിയായ ദേവസ്വംതുരുത്ത് മഹേശ്വരിയെ കൃഷിപ്പണി ഏൽപ്പിച്ച് മടങ്ങി വരുമ്പോഴാണ് വൈദ്യുത ലൈനിൽ നിന്ന് ഷോക്കേറ്റത്. ഇവരുടെ അലർച്ച കേട്ട് ഓടിയെത്തിയ പാടശേഖര പമ്പിങ് ഡ്രൈവർ ബിബീഷ് ഉടുതുണി ഉരിഞ്ഞെടുത്ത് വൈദ്യുത ലൈനിൽ കൂട്ടിപ്പിടിച്ച് മാറ്റിയശേഷമാണ് ഷോക്കേറ്റ് പിടയുന്ന ബെന്നിയുടെ അടുത്തെത്തിയത്. ഓടിക്കൂടിയ നാട്ടുകാർ ബെന്നിയെ പച്ച സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പാടശേഖര പുറംബണ്ടിൽ നിരവധി താമസക്കാരുണ്ട്. ഇവരും വൈദ്യുത ലൈൻ പൊട്ടിവീണ പുറംബണ്ടിലെ നടവഴിയിലൂടെയാണ് സഞ്ചരിക്കുന്നത്. വൈദ്യുതിലൈൻ പൊട്ടിവീണ സംഭവം ജീവനക്കാർ ചെവിക്കൊള്ളാഞ്ഞതാണ് കർഷന്റെ ദാരുണഅന്ത്യത്തിന് കാരണമായതെന്ന് പ്രദേശവാസികൾ കുറ്റപ്പെടുത്തുന്നു. കെ.എസ്.ഇ.ബി ആലപ്പുഴ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനിയർ സ്മിത മാത്യു, ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയർ ഉണ്ണികൃഷ്ണൻ എന്നിവർ സംഭവ സ്ഥലം സന്ദർശിച്ചു. വീയപുരം പോലീസിന്റെ പ്രാഥമിക നടപടിക്കും പോസ്റ്റുമോർട്ടത്തിനും ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകി. ഭാര്യ: സോഫിയാമ്മ. പരേതന് മക്കളില്ല. സംസ്കാരം നാളെ നടക്കും.

സൗഹാർദ സന്ദേശയാത്ര 26ന്

ചേർത്തല: മലയാളത്തിന്റെ കവി വയലാർ രാമവർമ്മയുടെ 49-ാം ചരമ വാർഷികത്തിന്റെ ഭാഗമായി വയലാർ ഫാൻസിന്റെ ആഭിമുഖ്യത്തിൽ 26 ന് സൗഹാർദ്ദ സന്ദേശയാത്ര നടക്കും. എസ്.എൽ.പുരം സദാനന്ദന്റെ സ്മൃതി മണ്ഡപത്തിൽ നിന്നും രാഘവ പറമ്പിലെ ചന്ദ്ര കളഭത്തിലേക്കാണ് യാത്ര.26 ന് 10 ന് എസ്.എൽ.പുരത്തിന്റെ സ്മൃതി മണ്ഡപത്തിൽ കെ.കെ. കുമാരൻ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി ചെയർമാൻ എസ്. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ജനറൽ സെക്രട്ടറി കരപ്പുറം രാജശേഖരൻ യാത്ര നയിക്കും. വയലാർ രാഘവപറമ്പിൽ വയലാറിന്റെ കുടുംബാംഗങ്ങൾ ചേർന്നു യാത്രയെ സ്വീകരിക്കും. തുടർന്നു 11.30ന് ചന്ദ്രകളഭത്തിൽ നടക്കുന്ന അനുസ്മരണ സമ്മേളന ത്തിൽ ടി. പി. സുന്ദരേശൻ അധ്യക്ഷത വഹിക്കും.മണ്ണഞ്ചേരി യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രിൻസിപ്പൽ ഡോ. പ്രദീപ് ഉദ്ഘാടനം ചെയ്യും. കാഥികൻ മുതുകുളം സോമനാഥ് അനുസ്മരണ പ്രഭാഷണം നടത്തും. സാഹിത്യകാരൻ ഹരികുമാർ കണിച്ചുകുളങ്ങരക്ക് വയലാർ ശരത്ചന്ദ്ര വർമ്മ പുരസ്കാരം സമ്മാനിക്കും.

ക്ഷേമനിധി ക്യാമ്പ് ഇന്ന്

ചെങ്ങന്നൂർ: ഇന്ന് രാവിലെ 10 മുതൽ ബി.എം.എസ് മേഖല ഓഫീസിൽ അസംഘടിത ക്ഷേമനിധി ക്യാമ്പ് സംഘടിപ്പിക്കുന്നു. അസംഘടിത തൊഴിലാളികൾക്ക് അംശാദായം അടച്ച് ബുക്ക് പുതുക്കുവാനും, പുതിയ അംഗങ്ങൾക്ക് ചേരുവാനും, ക്ഷേമനിധി സംശയം നിവാരണത്തിനും ആനുകൂല്യങ്ങളുടെ അപേക്ഷകൾ നേരിട്ട് സമർപ്പിക്കു വാനുള്ള സൗകര്യം ഉണ്ടായായിരിക്കും. ഫോൺ: 9446166130, 9744080263, 9747993828

പരിശീലനം ഇന്ന് ആരംഭിക്കും

ചാരുംമൂട്: ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആറ് ഗ്രാമപഞ്ചായത്തുകളിലെയും തൊഴിലുറപ്പ് പദ്ധതി മേറ്റുമാർക്കുള്ള രണ്ടാംഘട്ട പരിശീലനം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ഇന്ന് ആരംഭിക്കും. ഒന്നാം ഘട്ടത്തിൽ പരിശീലനം ലഭിക്കാത്ത ഒരു വാർഡിലെ ഏഴുവീതം മേറ്റുമാർക്കാണ് രണ്ടാം ഘട്ടത്തിൽ പരിശീലനം നൽകുന്നത്.

ഏകദിന ഓറിയന്റേഷനും ത്രിദിന സാങ്കേതിക പരിശീലനവും ഉൾപ്പെടെ ഒരു മേറ്റിന് നാല് ദിവസത്തെ പരിശീലനമാണ് നൽകുന്നത്. 18 ബാച്ചുകളായി നിശ്ചയിച്ചിട്ടുള്ള പരിശീലനം 28 ന് അവസാനിക്കും.

ഉദ്ഘാടനം രാവിലെ 10:30 ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. രജനി നിർവഹിക്കും.

Chola Enter a better life
CHOLAMANDALAM INVESTMENT AND FINANCE COMPANY LIMITED
Corporate Office : Chola Crest, Super B, C54 & C55, 4, Thiru Vi Ka Industrial Estate, Guindy, Chennai-600 032, T. N.

ഡിമാൻഡ് നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 (പ്രസ്തുത ആക്ട്), ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെൻറ്) റൂൾസ്, 2002 (പ്രസ്തുത റൂൾ)പ്രകാരം ചോളമണ്ഡലം ഇൻവെസ്റ്റമെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ (സുരക്ഷിതവായ്പാദാതാവ്) താഴെ ഒപ്പിട്ടിരിക്കുന്ന അംഗീകൃത ഓഫീസർ പ്രസ്തുത ആക്ടിനു കീഴിലും പ്രസ്തുത ആക്ട് സെക്ഷൻ 13(12), റൂൾ 3 പ്രകാരവും നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, ഡിമാൻഡ് നോട്ടീസ്(കൾ) പുറപ്പെടുവിച്ചിട്ടുള്ളതും താഴെപ്പറയുന്ന വായ്പക്കാരോട് ബന്ധപ്പെട്ട നോട്ടീസ് (കൾ) മര് പറഞ്ഞിരിക്കുന്ന തുക പ്രസ്തുത നോട്ടീസ് ലഭിച്ച തീയതി മുതൽ 60 ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ വായ്പക്കാരൻ(ക്കാർ) ഡിമാൻഡ് നോട്ടീസുകളുടെ സേവനം ഒഴിവാക്കുകയാണ് എന്ന് താഴെ ഒപ്പിട്ടയാൾ ന്യായമായും വിശ്വസിക്കുന്നതിനാലും അറിയിപ്പിന്റെ സേവനത്തെ ബാധിക്കുമെന്നതിനാലും നിയമപ്രകാരം നോട്ടീസ് പ്രസിദ്ധീകരിക്കുന്നു. ഡിമാൻഡ് നോട്ടീസിന്റെ(കളുടെ) ഉള്ളടക്കങ്ങൾ താഴെ വെളിപ്പെടുത്തിയിരിക്കുന്നു:

Sr. No.	വായ്പക്കാരുടെ/സഹവായ്പക്കാരുടെ പേരും വിലാസവും	തുക	ഡിമാന്റ് നോട്ടീസ് തീയതിയും കുടിശികയും	വസ്തുവിവരണം/സുരക്ഷിത ആസ്തി
1.	Loan A/c. No(s).: HL05ALL000051957 1. ശ്രീ/ശ്രീമതി. വിപിൻകുമാർ 2. ശ്രീ/ ശ്രീമതി കൃഷ്ണനമ്മ നെടുപറമ്പിൽ (Alias) കൃഷ്ണമ്മ മീനാക്ഷിയമ്മ നെടുപറമ്പിൽ 1. രണ്ടും R/o :- നെടുപറമ്പിൽ, എരിക്കാവ് പി.ഒ. കാർത്തികപ്പള്ളി, ആലപ്പുഴ, ദുർഗ JN കാർത്തികപ്പള്ളി-690 516; കൂടാതെ:- 657/12-2-6/NA എറിക്കാവ് കൺസ്ട്രക്ഷൻ, കുമാരപുരം, കാർത്തികപ്പള്ളി, ആലപ്പുഴ, ദുർഗ JN കാർത്തികപ്പള്ളി-690 516.	₹ 20,00,000/-	19.10.2024 Rs.20,95,525/- (രൂപ ഇരുപത് ലക്ഷത്തി തൊണ്ണൂറ്റി അഞ്ചായിരത്തി അഞ്ഞൂറ്റി ഇരുപത്തഞ്ച് മാത്രം) 14-10-2024 ലെ കണക്കനുസരിച്ച്	കുമാരപുരം വില്ലേജ് / പഞ്ചായത്ത്, കാർത്തികപ്പള്ളി താലൂക്ക്, ഹരിപ്പാട് ഉപജില്ല, ആലപ്പുഴ ജില്ല Re- Survey No. 657/12/6 (In Revenue Records 657/12-2-6), Old Survey No. 2380, 2381, 2382 Resurvey Block No. 9 ൽ 02.02 Ares സ്ഥലവും കെട്ടിടത്തിനും എല്ലാത്തിനും ഒപ്പം 259/2018 എന്ന സെയിൽ ഡീഡ് പ്രകാരം യഥാക്രമം കൃഷ്ണമ്മ എൻ എം എന്ന പേരിൽ രേഖ പ്രകാരമുള്ള വസ്തുവിന്റെ അതിരുകൾ - - വടക്ക്: അമ്മിണിയമ്മയുടെ സ്വത്ത്; തെക്ക് പഞ്ചായത്ത് റോഡ്; കിഴക്ക്: ശശികുമാറിന്റെ സ്വത്ത്; പടിഞ്ഞാറ്: ഇന്ദിരയുടെ സ്വത്ത്. ലൊക്കേഷൻ സ്കെച്ച് പ്രകാരം വസ്തുവിന്റെ അതിരുകൾ - വടക്ക്: മഹാലിംഗത്തിന്റെ സ്വത്ത്; - തെക്ക്: റോഡ്; കിഴക്ക് : ശശികുമാറിന്റെ സ്വത്ത്; പടിഞ്ഞാറ്: വിശ്വനാഥൻ പിള്ള
2.	Loan A/c. No(s).: LAP1ALL000051983 1. ശ്രീ/ശ്രീമതി. വേണുഗോപാൽ കണിയാംതറയിൽ കൊച്ചുനാരായണ 2. ശ്രീ/ശ്രീമതി. സീന രണ്ടും R/o - കണിയൻ തറയിൽ, 2. പെരിങ്ങാല പി.ഒ. കായംകുളം, ആലപ്പുഴ, ചെപ്പള്ളി ക്ഷേത്രം കാർത്തികപ്പള്ളി-690 559; കൂടാതെ 103 & 104/2/13/473 കണിയംതറയിൽ, പെരുങ്കുളം പി.ഒ. കായംകുളം, കാർത്തികപ്പള്ളി ആലപ്പുഴ ചെപ്പള്ളി ക്ഷേത്രം, കാർത്തികപ്പള്ളി-690 559.	₹ 15,00,000/-	19.10.2024 Rs.20,10,737/- (രൂപ ഇരുപത് ലക്ഷത്തി പതിനായിരത്തി എഴുനൂറ്റി മുപ്പത്തി ഏഴ് മാത്രം) 14-10-2024 ലെ കണക്കനുസരിച്ച്	കായംകുളം വില്ലേജ്, കാർത്തികപ്പള്ളി താലൂക്ക്, ഹരിപ്പാട്, ഉപജില്ല, ആലപ്പുഴ ജില്ല ആകെ വ്യാപ്തി 3.21 ares (2.02 ares 1.19 ares) (02.02 Ares in Re